പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1685

19.01.2021-ൽ മറുപടിക്ക്

## തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ സാമ്പത്തിക സ്ഥിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ടി. തോമസ് | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |

എ) തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ 2015-16, 2016-17, 2017-18, 2018-19, 2019-20 വർഷങ്ങളിലെ ബഡ്ജറ്റ് തുക എത്രയായിരുന്നു; ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുകയിൽ എത്ര രൂപ വീതം ചെലവഴിച്ചു; വിശദമാക്കാമോ;

എ)

| വർഷം | ബഡ്ജറ്റ് തുക | ചെലവഴിച്ചത് |
|---|---|---|
| 2015-16 | 381112284 | 422127943 |
| 2016-17 | 414464340 | 327420043 |
| 2017-18 | 575108944 | 318087169 |
| 2018-19 | 570574318 | 368485557 |
| 2019-20 | 410814894 | 412364124 |

ബി) തൃക്കാക്കര മുനിസിപ്പാലിറ്റിക്ക് എത്ര രൂപയുടെ ബാദ്ധ്യത നിലവിലുണ്ട്; ലോണായോ ഗ്രാന്റ് ആയോ ഏതെങ്കിലും സഹായം 2015-2020 കാലഘട്ടത്തിൽ തൃക്കാക്കര മുനിസിപ്പാലിറ്റിക്ക് ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

ബി) തൃക്കാക്കര നഗരസഭയ്ക്ക് ബാധ്യതയോ ലോണോ ഒന്നുംതന്നെയില്ല. ആയതിന്റെ പേരിൽ ഗ്രാന്റുകളും അനുവദിച്ചിട്ടില്ല.

സി) തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ അക്കൗണ്ടുകൾ ഏതെങ്കിലും ബാങ്കിൽ നിലവിലുണ്ടോ എന്നും മുനിസിപ്പാലിറ്റിയുടെ അക്കൗണ്ടുകൾ എവിടെയാണ് എന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

സി) തൃക്കാക്കര നഗരസഭയ്ക്ക് നിലവിൽ തനത് ഫണ്ട് കൈകാര്യം ചെയ്യുന്ന സ്ഥിരം അക്കൗണ്ട്, യൂണിയൻ ബാങ്കിലും കാർഡ് പേമെന്റിന് എച്ച്.ഡി.എഫ്.സി ബാങ്കിലും ഓൺലൈൻ പേമെന്റിനുള്ള അക്കൗണ്ട് സൗത്ത് ഇന്ത്യൻ ബാങ്കിലും ഉണ്ട്. ട്രഷറിയിൽ എൽ.ജി.റ്റി.എസ്.ബി അക്കൗണ്ട് ഉണ്ട്. ഇന്ത്യൻ ഓവർസീസ് ബാങ്കിൽ 3 കോടി സ്ഥിര നിക്ഷേപവും ഉണ്ട്.

S. Bindu

സെക്ഷൻ ഓഫീസർ